**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2286** **05-02-2026 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് ജനജീവിതം ദുസ്സഹമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് ജനജീവിതം ദുസ്സഹമാക്കുന്നുണ്ടെന്നത് വസ്തുതകൾക്ക് നിരക്കുന്നതല്ല. ഭക്ഷ്യധാന്യങ്ങൾക്കും മറ്റ് അവശ്യവസ്തുക്കൾക്കും വേണ്ടി ഉൽപാദക സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന ഒരു ഉപഭോക്തൃസംസ്ഥാനമാണ് കേരളം. ഡീസലിനും പെട്രോളിനും ഉണ്ടാകുന്ന അടിക്കടിയുള്ള വിലവർദ്ധന ഗതാഗതച്ചെലവ് വലിയ തോതിൽ ഉയർത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ രാജ്യത്ത് ഏറ്റവും ഉയർന്ന വിലകൾ ഉണ്ടാകാൻ സാധ്യത കേരളത്തിലാണ്. എന്നാൽ കാര്യക്ഷമമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ അത്തരമൊരു സാധ്യതയെ ഫലപ്രദമായി തടഞ്ഞു നിർത്തുവാൻ സർക്കാരിന് കഴിയുന്നുണ്ട്.<br><br>2016 മെയ് മുതൽ 2024 ഫെബ്രുവരി വരെ 13 ഇനം അവശ്യസാധനങ്ങൾക്ക് വില വർദ്ധനവ് കൂടാതെ സപ്ലൈകോ വിൽപനശാലകൾ വഴി സംസ്ഥാനത്തെ എല്ലാ റേഷൻകാർഡ് ഉടമകൾക്കും നൽകി വന്നിരുന്നു. അതിനുശേഷം യുക്തിസഹമായ ഒരു പരിഷ്കരണത്തിലൂടെ പൊതുവിപണിയിൽ നിന്നും 20 മുതൽ 35 ശതമാനം വരെ വിലക്കുറവിൽ ഈ ഇനങ്ങൾ നൽകി വരുന്നു. ഉത്സവ വേളകളിലാണ് സാധാരണ ഗതിയിൽ വിലക്കയറ്റ സാധ്യത ഏറ്റവും കൂടുതലായി ഉണ്ടാവാറുള്ളത്. പ്രത്യേക ചന്തകളുൾപ്പെടെയുള്ള ശക്തമായ വിപണിയിടപെടലുകളാണ് സപ്ലൈകോ ഇത്തരം ഘട്ടങ്ങളിൽ നടത്താറുള്ളത്. ഇക്കഴിഞ്ഞ ഓണക്കാലത്ത് കേരളത്തിൽ വെളിച്ചെണ്ണ വില വർദ്ധിക്കുവാനുള്ള പ്രവണത കണ്ട് തുടങ്ങിയ ഉടൻ സർക്കാർ അടിയന്തരമായി ഇടപെട്ടു. വ്യവസായ - കൃഷി വകുപ്പ് മന്ത്രിമാരുമായി ചേർന്ന് സംരംഭകരുടെയും കേരഫെഡ് ഉദ്യോഗസ്ഥരുടെയും യോഗം ചേർന്നു. സപ്ലൈകോ വഴി 529 രൂപ |

വിലയുള്ള ഒരു ലിറ്റർ കേര വെളിച്ചെണ്ണ 457 രൂപയ്ക്കും തുടർന്ന് രണ്ട് ഘട്ടങ്ങളിൽ വീണ്ടും വില കുറച്ച് 445, 429 നിരക്കുകളിലും ലഭ്യമാക്കി. അതോടൊപ്പം സപ്ലൈകോയുടെ ശബരി വെളിച്ചെണ്ണ സബ്സിഡിയായി 349 രൂപയ്ക്കും നോൺ സബ്സിഡി 429 രൂപയ്ക്കും ലഭ്യമാക്കി. സബ്സിഡി വില തുടർന്ന് വീണ്ടും കുറച്ച് 309 രൂപയ്ക്ക് നൽകുന്നു. ഇനിയും വില കുറയ്ക്കുന്നതാണ്. ഓണക്കാലത്ത് നോൺ സബ്സിഡി വെളിച്ചെണ്ണ 389 ആയി കുറച്ചു, പിന്നീട് ക്രമേണ വിലകുറച്ച് ക്രിസ്തുമസ് -പുതുവത്സര സീസൺ മുതൽ 329 രൂപയ്ക്ക് നൽകുന്നു. സപ്ലൈകോ വിൽപന ശാലകൾ വഴി കഴിഞ്ഞ ഓണക്കാലത്ത് മാത്രം 22,36,441 ലിറ്റർ ശബരി, കേര വെളിച്ചെണ്ണകൾ വിൽപന നടത്തി. ഇതിന്റെയെല്ലാം ഫലമായി പൊതുവിപണിയിൽ വില നിയന്ത്രിക്കാൻ കഴിഞ്ഞു. കോർപ്പറേറ്റ് സൂപ്പർമാർക്കറ്റുകൾക്ക് പോലും സപ്ലൈകോയുടെ വിലകളെ അടിസ്ഥാനപ്പെടുത്തി വെളിച്ചെണ്ണയുടെ വില പരിഷ്കരിക്കേണ്ടിവന്നു.

സപ്ലൈകോ വിൽപനശാലകളിൽ സാധാരണ നൽകിവരുന്ന സബ്സിഡി അരിക്ക് പുറമെ ഓണക്കാലം മുതൽ 25 രൂപ നിരക്കിൽ 20 കിലോ അരി കാർഡൊന്നിന് നൽകിവരുന്നു. റേഷൻകടകൾ വഴി മുൻഗണനേതര വിഭാഗങ്ങൾക്ക് ഉൾപ്പെടെ നൽകിവരുന്നതിന് പുറമെയാണ് ഇത്. ഇപ്രകാരം സംസ്ഥാനത്ത് ഭക്ഷ്യധാന്യ ലഭ്യത ഉറപ്പുവരുത്തുക വഴി വിലക്കയറ്റ സാധ്യത തടഞ്ഞു. ഓണം ഗിഫ്റ്റ് പദ്ധതി, സമൃദ്ധി കിറ്റ്, മിനി സമൃദ്ധി കിറ്റ്, സിഗ്നേച്ചർ കിറ്റ്, FMCG ഓഫറുകൾ, താഴ്ന്ന വരുമാനം ഉള്ളവർക്കും ഇടത്തരക്കാർക്കും സബ്സിഡി നോൺ സബ്സിഡി ഉത്പന്നങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുക എന്നിങ്ങനെ വിവിധ തരങ്ങളായ പദ്ധതികൾ സപ്ലൈകോ ആവിഷ്കരിച്ച് നടപ്പിലാക്കി. കേരളത്തിലെ 95 ലക്ഷത്തിലധികം വരുന്ന കാർഡുടമകളിൽ 56.73 ലക്ഷം കുടുംബങ്ങൾക്ക് അതായത് മുന്നേകാൽ കോടി മലയാളികളിൽ രണ്ടേകാൽ കോടിയോളം പേർക്ക് ഇതിന്റെയെല്ലാം നേരിട്ടുള്ള പ്രയോജനം ലഭിച്ചു.

കഴിഞ്ഞ ഓണക്കാലത്ത് സപ്ലൈകോ അതിന്റെ സർവകാല റെക്കോർഡുകൾ തിരുത്തി മുൻകാലത്തെ ഏറ്റവും വലിയ പ്രതിദിന വിൽപ്പനയായിരുന്ന 15.37 കോടി രൂപ മറികടന്ന് ഓഗസ്റ്റ് 27 ന് 15.7 കോടി പിന്നിട്ടു. പിന്നീട് ഓരോ ദിവസവും ഇതിനെ മറികടന്ന് സെപ്റ്റംബർ മാസം രണ്ടാം തീയതി 24.99 കോടി രൂപയുടെ വിൽപ്പനയും നേടി. കഴിഞ്ഞ ഓണക്കാലത്ത് സപ്ലൈകോ വഴി ആകെ 386 കോടി രൂപയുടെ വിറ്റു

| | | | |
|---|---|---|---|
| | | | വരവ് നേടിയപ്പോൾ ഇതിൽ സബ്സിഡി വില്പന മാത്രം 180 കോടി രൂപയുടേതാണ്. ഈ കാലയളവിൽ 56,73,960 ഉപഭോക്താക്കൾ സപ്ലൈകോയെ ആശ്രയിച്ചു. ഒരു കുടുംബത്തിൽ ശരാശരി നാല് പേർ എന്ന് കൂട്ടിയാൽ രണ്ട് കോടിയിലധികം മലയാളികൾ നേരിട്ട് പ്രയോജനം നേടി.<br><br>ഇക്കഴിഞ്ഞ ക്രിസ്തുമസ് - പുതുവത്സര സീസണിൽ 82 കോടിയുടെ വിൽപ്പന നടന്നപ്പോൾ അതിൽ 36.06 കോടി സബ്സിഡി വിൽപ്പനയായിരുന്നു. സപ്ലൈകോയ്ക്ക് പുറമെ കൺസ്യൂമർ ഫെഡ്, ഹോർട്ടികോർപ്പ്, VFPCK എന്നീ ഏജൻസികളും ശക്തമായ ഇടപെടലുകൾ നടത്തി. വിപണി ഇടപെടലിനായി 2000 കർഷക ചന്തകളാണ് സംസ്ഥാനത്തുടനീളം കൃഷിവകുപ്പ് ആരംഭിച്ചത്. ഓണക്കാലത്ത് നീണ്ടു നിന്ന കർഷക ചന്തകളിലൂടെ 2,157 ടൺ പഴങ്ങളും പച്ചക്കറികളുമാണ് വിറ്റഴിച്ചത്. കൃഷി വകുപ്പ് മുഖേന 1076, ഹോർട്ടികോർപ്പ് മുഖേന 764, VFPCK മുഖേന 160 ഉം കർഷക ചന്തകളാണ് ഉണ്ടായിരുന്നത്. കർഷകരിൽ നിന്ന് 1,193 ടൺ പഴങ്ങളും പച്ചക്കറികളും കൃഷിവകുപ്പ് നേരിട്ട് സംഭരിച്ചാണ് കർഷക ചന്തകളിൽ എത്തിച്ചത്. ഇതിലൂടെ കർഷകർക്ക് 6.95 കോടി രൂപ ലഭിച്ചു. സംഭരണ വിലയെക്കാൾ പത്ത് ശതമാനം അധിക വില നൽകി കർഷകരിൽ നിന്ന് സംഭരിച്ച പഴങ്ങളും പച്ചക്കറികളും പൊതു വിപണിയെക്കാൾ മുപ്പത് ശതമാനം കുറച്ചാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയത്. |

സെക്ഷൻ ഓഫീസർ